	പദ്ധതി	തുക ലക്ഷത്തിൽ
1.	ജവഹർ ഗ്രാമ സമൃദ്ധി യോജന	1578.77
2.	ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി	1776.00
3.	ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1846.08
4.	സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർയോജന	881.24
5.	പുനരാവിഷ്ക്കരിച്ച കേന്ദ്ര, ഗ്രാമീണ ശുചിത്വ പരിപാടി	149.14
6.	ക്രെഡിറ്റ് കം സബ്സിഡി സ്കീം ഫോർ റൂറൽ ഹൗസിംഗ്	115.15

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പ് ചുമതല ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി അവ ജനകീയാസൂത്രണ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. വകുപ്പ് തലത്തിലുള്ള മേൽനോട്ടത്തിന് പുറമെ ജില്ല, ബ്ലോക്ക് തലങ്ങളിൽ വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

13 (*133) അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ

ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) കേരളത്തിലെ തെരുവുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾക്കുവേണ്ടി ആലപ്പുഴയിലും കോഴിക്കോട്ടും ബാലസദനങ്ങളും ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന 6 ജുവനൈൽ ഹോമുകളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്കു വേണ്ട സൗകര്യങ്ങൾ നൽകി വരുന്നു. ഇതു കൂടാതെ സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ യാചക ഭവനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ട്. ഇവിടത്തെ അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ നിരക്കിൽ സംരക്ഷണ ചെലവായി നൽകി വരുന്നു. ഇതുകൂടാതെ തെരുവു കുട്ടികളുടെ പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സാമ്പത്തികസഹായം

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ പദ്ധതിയും നിലവിലുണ്ട്. അധികാര വികേന്ദ്രീകരണത്തിന് ശേഷം ഇത്തരം കുട്ടികളുടെ സംരക്ഷണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മുതിർന്നവർക്കുവേണ്ടി മാത്രമായി സാമൂഹ്യക്ഷേമ വകുപ്പു പ്രത്യേക പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നില്ല.

14 (*134) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം

ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം ലക്ഷ്യമാക്കി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസിലെ പിഗ്മെന്റ് പ്ലാന്റിന്റെ ശേഷി ഉയർത്തൽ, കടൽ മണലിൽ നിന്നും ഇൽമനൈറ്റ് വേർതിരിച്ചെടുക്കുക, ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മാണത്തിനുള്ള ഓക്സിജൻ പ്ലാന്റിന്റെ വികസനം എന്നിവയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എം.എം.എൽ. ന്റെ വികസന പ്രവർത്തനങ്ങൾ എത്ര ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വികസന പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും എന്തു തുക ചെലവാക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നയം കെ.എം.എം.എൽ-നെ എപ്പോഴെങ്കിലും ദോഷകരമായി ബാധിച്ചിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം ലക്ഷ്യമാക്കി സർക്കാർ നാല് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:-

1. പ്രതിവർഷം 3 ലക്ഷം മെട്രിക് ടൺ ഇൽമനൈറ്റ് ഉത്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവ് വരുന്ന ഒരു മിനറൽ ഓപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക.

2. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷിക ഉൽപ്പാദനം 60,000 മെട്രിക് ടണ്ണായി ഉയർത്തുന്നതിന് 415.99 കോടി രൂപാ ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly